**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **01-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ അന്വേഷകരെ സംബന്ധിച്ച് വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ , ശ്രീ . മുഹമ്മദ് മുഹസിൻ, ശ്രീ വി ശശി, ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ കാര്യക്ഷമമായി പരിഹരിക്കുന്നതിന് തൊഴിൽ അന്വേഷകരെ സംബന്ധിക്കുന്ന വിവരശേഖരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് വിവരശേഖരണം/സർവ്വേ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടത്തുന്നില്ല. എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. തൊഴിൽ/ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തൊഴിലന്വേഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം 2803297 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് തൊഴിൽ അന്വേഷകരെ സംബന്ധിച്ച് അടുത്ത കാലത്തായി വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് തൊഴിൽ അന്വേഷകരെ സംബന്ധിച്ച് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് അടുത്ത കാലത്തായി വിവര ശേഖരണം നടത്തിയിട്ടില്ല. |
| (സി) | സ്വന്തമായി സംരംഭങ്ങൾ ആരംഭിച്ച് മികച്ച വരുമാനം നേടുന്ന യുവജനങ്ങളെ തൊഴിൽരഹിതരായി രേഖപ്പെടുത്തുന്ന പ്രവണത നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | സ്വന്തമായി സംരംഭങ്ങൾ ആരംഭിച്ച് മികച്ച വരുമാനം നേടുന്ന യുവജനങ്ങളെ തൊഴിൽ രഹിതരായി രേഖപ്പെടുത്തുന്ന പ്രവണത നിലവിലില്ല. 14 വയസുമുതൽ വിദ്യാഭ്യാസ യോഗ്യത, വയസ്, മറ്റ് മുൻഗണന തുടങ്ങി ബന്ധപ്പെട്ട രേഖകളുടെ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുമായും, നേരിട്ടും. ഓൺലൈൻ മുഖേനയും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവരെയെല്ലാം തൊഴിൽ രഹിതരായാണ് കണക്കാക്കുന്നത്.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ശേഷം വകുപ്പുമുഖാന്തിരം നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ പ്രകാരം സംരംഭം ആരംഭിക്കുന്നവരുടെ രജിസ്ട്രേഷൻ രേഖകളിൽ |

| | | | |
|---|---|---|---|
| | | | സ്വയംതൊഴിൽ സംരംഭകൻ എന്ന് രേഖപ്പെടുത്താറുണ്ട്. |
| (ഡി) | അടുത്ത കാലത്തായി നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ യാഥാർത്ഥ്യ പൂർണ്ണമായ തൊഴിൽനയം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും സമഗ്രപുരോഗതിക്ക് ഉതകുന്ന നിലയിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കരിയർ പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ